(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കുന്ന വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസലിൻമേൽ നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന വിഷയങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. ടി റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം സർക്കാർ എടുക്കുന്നതാണ്.

പുതിയ ഗവ. കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ

129 (7098) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അനുവദിച്ച ഗവ. കോളേജുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ഏതെല്ലാം വിഷയത്തിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതുതായി അനുവദിക്കപ്പെട്ട ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപകരുടെ ആകെ 38 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. ബാക്കിയുള്ളവ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പൊളിറ്റിക്കൽ സയൻസ്	-	3
അറബിക്	-	7
ഉറുദു	-	1
ഹിന്ദി	-	1
ഇലക്ട്രോണിക്സ്	-	1
സൈക്കോളജി	-	1
മലയാളം	-	15
ഫിസിക്കൽ എഡ്യൂക്കേഷൻ	-	6
മാത്തമാറ്റിക്സ്	-	1

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർ സയൻസ്	-	1
ടൂറിസം	-	1
ആകെ	-	38

(സി) ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പുതിയ ആർട്ട്സ് & സയൻസ് കോളേജുകളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

130 (7088)ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം ആരംഭിച്ച സർക്കാർ ആർട്ട്സ് & സയൻസ് കോളേജുകളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവർക്കും മറ്റ് ജീവനക്കാർക്കും ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർവ്വീസിൽനിന്നും വിരമിച്ചതിനുശേഷം സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവർക്ക് എന്ത് മാനദണ്ഡപ്രകാരമാണ് ആനുകൂല്യങ്ങൾ നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ശമ്പളം, മാനദണ്ഡം ഇവ സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലെ നിയമനം

131 (7100) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടിക്രമം എന്താണ് ;

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നേരിട്ട് നിയമനം ലഭിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly